B21

022774

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്-നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ യൂണിഫോം പരിഷ്കരിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (എഫ്) വകുപ്പ്**

**സ.ഉ.(സാധാ) നം./1516/2017/തൊഴിൽ** തീയതി,തിരുവനന്തപുരം, 16/11/2017

പരാമർശം:- 1) കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സെക്രട്ടറിയുടെ 14.08.2017 ലെ നിവേദനം

2)ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ 21.08.2017- ലെ ബി2-1795/2016/ഡി.ഐ. എം.എസ്. നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെയും നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ യൂണിഫോം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പിലെ നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ യൂണിഫോമും പരിഷ്കരിക്കണമെന്ന് പരാമർശം-1ലെ നിവേദനത്തിലൂടെ കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ തിരുവനന്തപുരം ജില്ലാ സെക്രട്ടറി സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. പരാമർശം-2ലെ കത്ത് മുഖേന ഇൻഷുറൻസ് മെഡിക്കൽ സർവീസ് വകുപ്പ് ഡയറക്ടർ സർക്കാരിന് ശുപാർശ സമർപ്പിച്ചു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത ഉണ്ടാകാൻ പാടില്ല എന്ന നിബന്ധനയിൽ ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിലെ നഴ്സിംഗ് വിഭാഗം ജീവനക്കാരുടെ യൂണിഫോം ചുവടെ ചേർത്തിരിക്കുന്ന രീതിയിൽ പരിഷ്കരിക്കുന്നതിന് അനുമതി നൽകി ഉത്തരവ്

പുറപ്പെടുവിക്കുന്നു.

| | |
|---|---|
| സ്റ്റാഫ് നഴ്സ് ഗ്രേഡ് I&II | സ്കൈ ബ്ലൂ കളർ സാരി / ചുരിദാർ ഒപ്പം വെള്ള ഓവർ കോട്ട് |
| ഹെഡ് നഴ്സ് | ലാവെൻഡർ കളർ സാരി /ചുരിദാർ ഒപ്പം വെള്ള ഓവർ കോട്ട് |
| മെയിൽ നഴ്സ് | കറുത്ത പാന്റ്സ്, സ്കൈ ബ്ലൂ കളർ ഷർട്ട് ഒപ്പം വെള്ള ഓവർ കോട്ട് |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സരളമ്മ എസ്**

**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, ഇൻഷ്വറൻസ് മെഡിക്കൽ സർവീസസ്, തിരുവനന്തപുരം.
ജില്ലാ സെക്രട്ടറി, കേരള ഗവൺമെന്റ് നഴ്സസ് അസോസിയേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഡി.ബി.സെൽ/ഓഡിറ്റ്)കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പിന് (സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേക്കായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.
പകർപ്പ്: ബഹു.തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ